അദ്ധ്യാപകർക്ക് ജി. ഒ. (എംഎസ്.) 351/2004/ജനറൽ എഡ്യൂ. തീയതി 20-11-2004 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം അധ്യാപകരായി അപ്രൂവൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരിൽ എത്ര പേർക്ക് കുടിശ്ശിക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവർക്ക് എന്നത്തേക്ക് അപ്രൂവലും കുടിശ്ശികയും ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) സ്പെഷ്യൽ റൂൾസ് നിലവിൽവരുന്നതിനുമുമ്പ് എയ്ഡഡ് സ്കൂളുകളിൽ തസ്തികമാറ്റംവഴി ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ജൂനിയറായി നിയമിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും ജി.ഒ.(എംഎസ്.)351/04/പൊ.വി. തീയതി 20-11-2004 പ്രകാരം ഹയർ സെക്കണ്ടറി സീനിയർ ടീച്ചേഴ്സിന്റെ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം ലഭിക്കാനുള്ള കുടിശ്ശിക ആനുകൂല്യങ്ങൾ ബന്ധപ്പെട്ട അദ്ധ്യാപകരുടെ പ്രോവിഡന്റ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുമെന്നും 30-11-2009-നുശേഷമോ റിട്ടയർമെന്റ് വരെയോ ഏതാണ് ആദ്യമെന്നാൽ അപ്പോഴേ പ്രസ്തുത തുക പിൻവലിക്കാൻ പാടുള്ളൂ എന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊപ്പോസലുകൾ സമർപ്പിച്ച എല്ലാവർക്കും ഫുൾടൈം ആയി നിയമനാംഗീകാരം നൽകിക്കഴിഞ്ഞു.

അപ്പർ പ്രൈമറി മലയാളം വിദ്വാന്മാരുടെ പ്രമോഷൻ

78 [3061] *ഡോ. തോമസ് ഐസക്:*

ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പർ പ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി എത്ര മലയാളം വിദ്വാന്മാർ ജോലി ചെയ്യുന്നു. ഇവർ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും എത്രവീതം ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവരിൽ എത്ര പേർക്ക് ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(സി) ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആര് സമർപ്പിച്ചുവെന്നും അതിനുമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയമനകാര്യത്തിൽ ബാധകമാക്കിയ 2:1 അനുപാതം പ്രമോഷന്റെ കാര്യത്തിലും ബാധകമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) 50 വയസ്സുകഴിഞ്ഞവരും ദീർഘകാലമായി സർവ്വീസിലുള്ളവരുമായ ഇവർക്ക് ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലയാളം വിദ്വാൻ യോഗ്യതയുള്ള 415 പേർ ജോലി ചെയ്യുന്നു. 167 അദ്ധ്യാപകർ സർക്കാർ മേഖലയിലും 248 അദ്ധ്യാപകർ എയ്ഡഡ് മേഖലയിലും ആണ്.

(ബി) സർക്കാർ മേഖലയിൽ ഇത്തരത്തിലുള്ള ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. എയ്ഡഡ് മേഖലയിൽ ഒരദ്ധ്യാപകന് പ്രൊമോഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനം ചട്ടപ്രകാരമല്ലാത്തതിനാൽ റദ്ദു ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) & (ഡി) ഉണ്ട്. വിവിധ ഭാഷാദ്ധ്യാപക സംഘടനകളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) നിലവിലുള്ള ചട്ടപ്രകാരം ഹെഡ്മാസ്റ്റർ പ്രൊമോഷനുള്ള അടിസ്ഥാന യോഗ്യത ഉള്ളവരാണെങ്കിൽ പ്രൊമോഷൻ ലഭിക്കുന്നതാണ്.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

79 [3062] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എൽ.പി. സ്കൂളുകളെ യു. പി. സ്കൂളുകളായും എത്ര യു. പി. സ്കൂളുകളെ ഹൈസ്കൂളുകളായും എത്ര ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായും അപ്ഗ്രേഡ് ചെയ്തുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകളെയാണ് ഇപ്രകാരം അപ്ഗ്രേഡ് ചെയ്തതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly